● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

# അല്ലാഹുവിനെ ആരാധിക്കുവീൻ

(അധ്യായം 71 • നൂഹ്

إِنَّآ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦٓ أَنْ أَنذِرْ قَوْمَكَ
مِن قَبْلِ أَن يَأْتِيَهُمْ عَذَابٌ أَلِيمٌ ﴿١﴾ قَالَ
يَٰقَوْمِ إِنِّى لَكُمْ نَذِيرٌ مُّبِينٌ ﴿٢﴾ أَنِ ٱعْبُدُوا۟
ٱللَّهَ وَٱتَّقُوهُ وَأَطِيعُونِ ﴿٣﴾ يَغْفِرْ لَكُم مِّن
ذُنُوبِكُمْ وَيُؤَخِّرْكُمْ إِلَىٰٓ أَجَلٍ مُّسَمًّى ۚ إِنَّ أَجَلَ
ٱللَّهِ إِذَا جَآءَ لَا يُؤَخَّرُ ۖ لَوْ كُنتُمْ تَعْلَمُونَ ﴿٤﴾

1. നൂഹിനെ നാം തന്റെ ജനതയിലേക്ക് അയച്ചു. നോവേറിയ ശിക്ഷ വന്നെത്തും മുമ്പ് തന്റെ ജനതയ്ക്ക് മുന്നറിയിപ്പ് നൽകുക എന്ന സന്ദേശവുമായി.
2. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, ഞാൻ നിങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പ് നൽകുന്നവൻ തന്നെയാകുന്നു.
3. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവീൻ! അവനോട് ഭക്തിയുള്ളവരാകുവീൻ! എന്നെ അനുസരിക്കുവീൻ!
4. എങ്കിൽ, നിങ്ങളുടെ പാപങ്ങൾ അവൻ പൊറുക്കും. ഒരു നിശ്ചിത കാലം വരെ നിങ്ങൾക്ക് ആയുസ്സ് തരികയും ചെയ്യും. എന്നാൽ അല്ലാഹു നിശ്ചയിച്ച അവധി വന്നാൽ പിന്നെ ഒരാളും അൽപവും പിന്തിക്കപ്പെടുകയില്ല. നിങ്ങൾ അതറിഞ്ഞിരുന്നുവെങ്കിൽ.

## ആമുഖം

വിശുദ്ധ ഖുർആനിലെ 71-ാം അധ്യായമാണ് സൂറത്തു നൂഹ്. ഇതിൽ 28 സൂക്തങ്ങൾ അടങ്ങിയിരിക്കുന്നു. ഇത് മക്കി സൂറകളിൽ പെട്ടതാണ്. ഈ അധ്യായത്തിൽ നൂഹ് നബി(അ) തന്റെ ജനതയിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങളെ വിവരിക്കുന്നു. നൂഹ് നബി(അ)യെപ്പറ്റിയുള്ള പരാമർശത്താൽ തുടങ്ങുന്ന ഈ അധ്യായത്തിന് നൂഹ് എന്ന് പേർ നൽകപ്പെട്ടിരിക്കുന്നു. ഈ അധ്യായം വിശ്വാസപ്രമാണങ്ങളുടെ താഴ്‌വേര് നട്ടുപിടിപ്പിക്കാൻ ശ്രദ്ധവെക്കുന്നു. ഈമാനിന്റെ ഘടകങ്ങളെ വിവരിക്കുകയും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. വിഗ്രഹപൂജയുടെ നിരർഥകത വ്യക്തമാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തെയും ഏകത്വത്തെയും സ്ഥാപിക്കുകയും ചെയ്യുന്നു.

നൂഹ് നബി(അ)യെ തന്റെ ജനതയിലേക്ക് പ്രവാചകനായി നിയോഗിച്ചതിനെ പ്രതിപാദിച്ചുകൊണ്ടാണ് ഈ സൂറത്തിന്റെ ആരംഭം. താൻ മുന്നറിയിപ്പുകാരനാണെന്നും അല്ലാഹുവിനെ ആരാധിക്കുകയും തന്നെ അനുസരിക്കുകയും ചെയ്യണമെന്നും അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുമെന്നും ഭൗതിക സൗകര്യങ്ങൾ നൽകുമെന്നും പ്രഖ്യാപിക്കുന്നു. പിന്നീട് അല്ലാഹുവിന്റെ അസ്തിത്വത്തിനും ഏകത്വത്തിനും ശക്തിമാഹാത്മ്യങ്ങൾക്കുമുള്ള തെളിവുകൾ നിരത്തിവെക്കുന്നു. അവയെല്ലാം നിഷേധിച്ചുതള്ളിയ അക്രമികളുടെ നാശത്തിന്റെ ദുർഗതി വിവരിച്ചുകൊണ്ട് ഈ സൂറ: പര്യവസാനിക്കുന്നു.

## പദവിശകലനം

**إنّا أرسلنا** നിശ്ചയമായും നാം അയച്ചു, **نُوحًا** നൂഹിനെ, **إلى قَومِه** തന്റെ ജനതയിലേക്ക്, **أن أنذر** നീ താക്കീത് ചെയ്യുക, **قومك** നിന്റെ ജനതയെ, **من قبل** മുമ്പായി, **أن يأتيهم** അവർക്ക് വരുന്നതിന്, **عذاب أليم** നോവേറിയ ശിക്ഷ, **قال ياقوم** അദ്ദേഹം പറഞ്ഞു, എന്റെ ജനങ്ങളേ, **إنّي** നിശ്ചയമായും ഞാൻ, **لَكُم** നിങ്ങൾക്ക്, **نَذِير** മുന്നറിയിപ്പ് നൽകുന്നവൻ, **مُّبِين** വ്യക്തമായ, **أن اعْبُدُوا** നിങ്ങൾ ആരാധിക്കുവീൻ, **الله** അല്ലാഹുവിനെ, **واتّقُوه** അവനോട് ഭക്തിയുള്ളവരാകുവാൻ, **وأطيعون** എന്നെ അനുസരിക്കുവീൻ, **يغفرلكم**

എങ്കിൽ അവൻ പൊറുക്കും, من ذنوبكم നിങ്ങളുടെ പാപങ്ങൾ, ويؤخركم അവൻ നിങ്ങൾക്ക് പിന്തിച്ചുതരും, إلى أجل ഒരു കാലംവരെ, مسمّى നിശ്ചയിക്കപ്പെട്ട, إن أجل الله നിശ്ചിത അവധി, إذا جاء വന്നാൽ, لايؤخر പിന്തിക്കപ്പെടുകയില്ല, لوكنتم നിങ്ങൾ ആയിരുന്നെങ്കിൽ, تعلمون നിങ്ങൾ അറിയും.

## ആശയം

തളരാത്ത മനസ്സിന്റെ ഉടമയായിരുന്ന ഒരു പ്രവാചകനെപ്പറ്റിയുള്ള വൃത്താന്തം ഓതിത്തരികയാണ്. അദ്ദേഹത്തെ തന്റെ ജനതയെ ബോധവത്കരിക്കാനായി ദൂതനായി അയച്ചു. ഒമ്പതര നൂറ്റാണ്ട് അദ്ദേഹം നിരന്തരം പ്രബോധനം നടത്തി. 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവീൻ' എന്ന ദൗത്യസന്ദേശവുമായി രാവും പകലും അദ്ദേഹം ജനങ്ങളെ സമീപിച്ചു. രഹസ്യമായും പരസ്യമായും ഉപദേശിച്ചു. കിട്ടിയ എല്ലാ സന്ദർഭവും ഉപയോഗിച്ചു. കണ്ടവരെ വീണ്ടും കണ്ടു. ഇന്ന് ഉപദേശിച്ചവനെ പിറ്റേന്നും ഉപദേശിച്ചു. ഇങ്ങനെ തൊള്ളായിരത്തി അമ്പത് വർഷം. അല്ലാഹുവിന്റെ കൽപന ലംഘിച്ചാലുള്ള പരിണാമത്തെപ്പറ്റി മുന്നറിയിപ്പ് നൽകി. മഹാനായ പ്രവാചകൻ നൂഹ് നബി(അ)യുടെ ചാഞ്ചല്യമില്ലാത്ത പ്രവർത്തനം പ്രബോധന രംഗത്ത് ക്ഷമയോടെയും സ്ഥിരോത്സാഹത്തോടെയും ഉറച്ചു നിൽക്കണമെന്ന പാഠത്തിനുള്ള പ്രചോദനമാണ്.

നൂഹ് നബി(അ)യുടെ പ്രബോധനത്തിന്റെ രത്നച്ചുരുക്കം മൂന്ന് കാര്യങ്ങളാണ്: (1) അല്ലാഹുവിനെ ആരാധിക്കുക, (2) അവനോട് ഭയഭക്തി പുലർത്തുക, (3) തന്നെ അനുസരിക്കുക.

തന്റെ സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നതോടൊപ്പം എല്ലാ തിന്മകളിൽ നിന്നും നിഷിദ്ധങ്ങളിൽ നിന്നും പൂർണമായി വിട്ടുനിന്നു സൂക്ഷ്മതാബോധത്തോടെ ജീവിക്കുകയും പ്രവാചകനെ മാതൃകയാക്കി പ്രവാചകൻ നൽകുന്ന കൽപനാ നിർദേശങ്ങളെ പൂർണമായി ശിരസാവഹിക്കുകയും ചെയ്യുക. ഇപ്രകാരം ചെയ്യുന്നവർക്ക് പരലോകജീവിതത്തിലെ സംശുദ്ധമായ അനശ്വരജീവിതവും ദുനിയാവിലെ പരമാവധി സുഖജീവിതവും വാഗ്ദാനം ചെയ്യുന്നു. അടിസ്ഥാന ആദർശത്തിൽ ഉറച്ചുനിന്ന് സംശുദ്ധ ജീവിതം കെട്ടിപ്പടുക്കുകയും പ്രവാചകന്റെ മാതൃകാധന്യമായ പാത പിൻതുടരുകയും ചെയ്യുക.

**ഈ അധ്യായത്തിൽ നൂഹ് നബി(അ) നടത്തിയ പ്രബോധന പ്രവർത്തനങ്ങളെ വിവരിക്കുന്നു. ഈ അധ്യായം വിശ്വാസപ്രമാണങ്ങളുടെ താഴ്‌വേര് നട്ടുപിടിപ്പിക്കാൻ ശ്രദ്ധവെക്കുന്നു. ഈമാനിന്റെ ഘടകങ്ങളെ വിവരിക്കുകയും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. വിഗ്രഹപൂജയുടെ നിരർഥകത വ്യക്തമാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തെയും ഏകത്വത്തെയും സ്ഥാപിക്കുകയും ചെയ്യുന്നു.**



എക്കാലത്തുമുള്ള സത്യപ്രബോധകർക്ക് പ്രബോധന രംഗത്തുള്ള സ്ഥിരോത്സാഹത്തിന്റെയും സഹനത്തിന്റെയും ഊർജം പ്രദാനം ചെയ്യുന്നതാണ് നൂഹ് നബി(അ)യുടെ വൃത്താന്തം. മക്കയിൽ പ്രബോധനരംഗത്ത് പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിൽ നിൽക്കുന്ന പ്രവാചകരേ! അങ്ങ് ഒട്ടും വിഷമിക്കേണ്ട. മഹാനായ നബിതിരുമേനിയെ അനുധാവനം ചെയ്യുന്ന പ്രബോധനരംഗത്തെ കല്ലും മുള്ളും നിറഞ്ഞ പാതയിൽ പിൻതുടരുന്ന സത്യവാഹകരേ നിങ്ങൾ ഒട്ടും ചഞ്ചലരാകേണ്ട! നൂഹ് നബി(അ) നിങ്ങൾക്ക് മുമ്പിൽ പ്രകാശത്തിന്റെ ഉജ്വല ഗോപുരമാണ്.

## മുഖ്യപ്രബോധന വിഷയം തൗഹീദ്

നൂഹ് നബി(അ)യുടെ പ്രബോധനത്തിന്റെ കാമ്പും കാതലും എന്താണെന്ന് സൂറത്തു അഅ്റാഫിൽ അല്ലാഹു വ്യക്തമാക്കുന്നു:

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ
ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ إِنِّىٓ
أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿٥٩﴾

"നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു. എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവീൻ, അവനല്ലാതെ മറ്റൊരു ആരാധ്യൻ നിങ്ങൾക്കില്ല. ഒരു ഭയങ്കര നാളിലെ ശിക്ഷ ഞാൻ നിങ്ങൾക്ക് ഭയപ്പെടുന്നു." (അഅ്റാഫ് 59) ●